നൽകിയിട്ടുള്ള പരാതിയിൽ പത്രകട്ടിംഗുകളും ഉൾപ്പെടെയുള്ള വിശദ വിവരങ്ങളും നൽകിയിട്ടുണ്ട്. ഇതിനെതിരെ അടിയന്തിരനടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കോഴിക്കോട് സിറ്റിയിൽ കുറേ അധികം മോഷണശ്രമങ്ങളും നടന്നിട്ടുണ്ട് എന്നാണ്. അതിൽ കോഴിക്കോട് ടൗൺ, നടക്കാവ്, മെഡിക്കൽ കോളേജ്, കുന്ദമംഗലം എന്നീ പോലീസ് സ്റ്റേഷൻ അതിർത്തികളിൽ ജൂലൈ മാസത്തിൽ നടന്ന മോഷണങ്ങളിൽ 14 കേസുകളും തെളിയിക്കപ്പെട്ടിട്ടുണ്ട്. പന്ന്യങ്കര, നടക്കാവ്, ഫറോക്ക്, മാറാട് എന്നീ പോലീസ് സ്റ്റേഷൻ അതിർത്തികളിൽ അടുത്ത കാലത്ത് നടന്ന മോഷണങ്ങൾക്ക് ക്രൈം കേസ് രജിസ്റ്റർ ചെയ്തത് പ്രത്യേകമായി അന്വേഷണം നടത്തുകയാണ്. അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കീഴിൽ ആൻറി തെഫ്റ്റ് സ്കാഡും ആൻറി ടെംപിൾ തെഫ്റ്റ് സ്കാഡും രൂപീകരിച്ച് വിശദമായിട്ടുള്ള അന്വേഷണം നടത്തുന്നുണ്ട്. ശക്തമായ പട്രോളിംഗ് രാത്രികാലങ്ങളിൽ നടത്താനും കുറ്റവാളികൾക്കെതിരെ നിയമ നടപടികളും സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

(6) സുനാമി ദുരന്തത്തിനിരയായ മൽസ്യത്തൊഴിലാളികൾക്ക് ധനസഹായം

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, സബ്മിഷൻ ലിസ്റ്റ് ചെയ്തുവന്നപ്പോൾ രണ്ടു പിശകുകൾ ഉണ്ടായിട്ടുണ്ട്. ഒന്നാമത്തേത് ഇത് രണ്ട് വകുപ്പുകളുമായി ബന്ധപ്പെടുന്ന സബ്മിഷൻ ആയതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് നോട്ടീസ് നൽകിയിരുന്നത്. ഫിഷറീസും റവന്യൂവുമാണ് വരുന്നത്. അത് മാത്രമല്ല സബ്മിഷന്റെ വാചകത്തിൽ തന്നെ മാറ്റം ഉണ്ടായിട്ടുണ്ട്, '2004 ഡിസംബർ 26-ന് ഉണ്ടായ സുനാമി ദുരന്തത്തിലും പിന്നീടുണ്ടായ വേലിയേറ്റത്തിലും കടൽക്ഷോഭത്തിലും', എന്നാണ് ഞാൻ എഴുതിയിരുന്നത്. ഇവിടെ വന്നപ്പോൾ 'സുനാമി' ദുരന്തത്തിലും അതിനോടുകൂടിയുണ്ടായ വേലിയേറ്റത്തിലും' എന്നായി മാറി. 2004 ഡിസംബർ മാസം 26-ാം തീയതിയാണ് സുനാമി ദുരന്തം ഉണ്ടായത്. മാസങ്ങൾ കഴിഞ്ഞാണ് കടൽക്ഷോഭം ഉണ്ടായത്. സുനാമി ദുരന്തത്തിൽ മത്സ്യബന്ധന ഉപകരണങ്ങളാണ് പ്രധാനമായും നഷ്ടപ്പെട്ടത്. പിന്നീടുണ്ടായ കടൽക്ഷോഭത്തിലും കടലാക്രമണത്തിലും ഈ സ്ഥലം സന്ദർശിക്കാൻ പോയ റവന്യൂ ഉദ്യോഗസ്ഥരെ അവിടെയുള്ള ആളുകൾ തടഞ്ഞുവച്ച സാഹചര്യംവരെ ഉണ്ടായി. സുനാമി ദുരന്തത്തിൽ ദുരിതം അനുഭവിച്ചവർക്കുള്ള സഹായം നൽകിയില്ല എന്നുപറഞ്ഞാണ് തടഞ്ഞുവച്ചത്. പ്രത്യേകിച്ച് കുളത്തൂർ വില്ലേജിൽപ്പെട്ട പൊഴിയൂർ പ്രദേശത്താണ് അതുണ്ടായത്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അവിടത്തെ എം. എൽ. എ. കൂടിയാണ്. റവന്യൂ ഉദ്യോഗസ്ഥർ പോയപ്പോൾ മണിക്കൂറുകളോളം അവരെയും അദ്ദേഹത്തെയും തടഞ്ഞുവച്ച സ്ഥിതിയുണ്ടായി. ഒടുവിൽ കളക്ടറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഒക്കെ ഇടപെട്ടാണ് അവരെ മോചിപ്പിച്ചത് എന്നാണ് ഞാൻ മനസ്സിലാക്കിയത്. ഇപ്പോൾ ഉണ്ടായിരിക്കുന്നത്, കടൽക്ഷോഭത്തിലും കടലാക്രമണത്തിലും പൂർണ്ണമായും വീടു നഷ്ടപ്പെട്ടവരുടെ കണക്ക് എടുക്കുകയും സഹായധനം സംബന്ധിച്ച് റവന്യൂ അധികൃതരുടെ റിപ്പോർട്ട് മുകളിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. സഹായധനം കുറഞ്ഞുപോയി

LIBRARY ARCHIVES Kerala Legislative Assembly

എന്ന പരാതിയുമുണ്ട്. റവന്യൂ ഉദ്യോഗസ്ഥൻമാർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽപ്പോലും സഹായധനം നൽകിയിട്ടില്ല. മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് ഫിഷറീസ് വകുപ്പും ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള മറ്റു സ്ഥാപനങ്ങളും നൽകേണ്ട സഹായം നൽകിയിട്ടില്ല. അതുകൊണ്ട് അതിശക്തമായ രോഷം ആ രോഗത്തെ തീരദേശത്തെ ജനങ്ങളുടെ ഇടയിൽ ഉണ്ട്. അതിന് പരിഹാരം കാണാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. Wording-ൽ വന്ന മാറ്റംകൊണ്ട് ശരിയായ റിപ്പോർട്ട് ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്ക് കിട്ടിയിട്ടുണ്ടോ എന്നറിയില്ല. എങ്കിലും നേരത്തെ ചോദിച്ച ചോദ്യത്തിലും വിവരം ശേഖരിച്ചുവരുന്നു എന്നാണ് മറുപടി നൽകിയിരിക്കുന്നത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പറഞ്ഞതിൽ പിശകുണ്ടായിരുന്നെങ്കിലും ഞാൻ വിവരം ശേഖരിച്ചിട്ടുണ്ട്. 2004 ഡിസംബർ മാസത്തിലെ സുനാമി ദുരന്തത്തിൽ കുളത്തൂർ, കോട്ടുകാൽ, കരിങ്കുളം, തിരുപുറം, തിരുവല്ലം എന്നീ മൽസ്യബന്ധന ഗ്രാമങ്ങളിലെ മൽസ്യത്തൊഴിലാളികളുടെ മൽസ്യബന്ധന ഉപകരണങ്ങൾക്കോ വീടുകൾക്കോ ഭാഗികമായോ പൂർണ്ണമായോ നഷ്ടം സംഭവിച്ചിട്ടില്ല. എന്നാൽ വിഴിഞ്ഞം സൗത്ത്, വിഴിഞ്ഞം നോർത്ത്, വെട്ടൂർ ഗ്രാമം, ഇടവ എന്നീ സ്ഥലങ്ങളിലാണ് അന്ന് ദുരന്തം ഉണ്ടായത്. എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, അതിനെത്തുടർന്ന് 2005 മേയ്, ജൂൺ മാസങ്ങളിലുണ്ടായ കടൽക്ഷോഭത്തിൽ കുളത്തൂർ, കോട്ടുകാൽ, കരിങ്കുളം, തിരുവല്ലം എന്നീ മൽസ്യബന്ധന ഗ്രാമങ്ങളിലെ വീടുകൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പൂർണ്ണമായും നാശം സംഭവിച്ച വീടുകൾക്ക് 10,25,000 രൂപയുടേയും ഭാഗികമായി നാശം സംഭവിച്ച വീടുകൾക്ക് 1,82,000 രൂപയുടേയും മൽസ്യബന്ധന ഉപകരണങ്ങൾ നഷ്ടമായതിന് 11,31,500 രൂപയുടേയും നഷ്ടമുണ്ടായതായാണ് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത്. ആകെ 23,38,500 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനാവശ്യമായ തുക തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. 3 ലക്ഷം രൂപ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക ഉടൻതന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു; അതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ]

(7) കുന്ദമംഗലത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂൾ

ശ്രീ. യു. സി. രാമൻ: സർ, കോഴിക്കോട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്നത് ഈസ്റ്റ് ഹില്ലിലുള്ള പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിലാണ്. എം. ആർ. എസ്. -ന് സ്വന്തമായി കെട്ടിടമില്ല. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടും, അതിന് സ്ഥലം കൊടുക്കുന്നതുമായി ബന്ധപ്പെട്ടും വളരെ നാളുകളായി കേസുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നുവരെ അതിനുള്ള ഭൂമി ഡിപ്പാർട്ടുമെന്റിൽനിന്നും കിട്ടിയിട്ടില്ല. ഈ സാഹചര്യത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ കുന്ദമംഗലത്തെ സെൻട്രൽ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആൻഡ് മാനേജ്മെന്റിന്റെ കീഴിൽ

LIBRARY ARCHIVES Kerala Legislative Assembly